(സി) സാധ്യതാ പഠനം നടത്തി ഉചിതമായ സ്ഥലങ്ങളിൽ മെറ്റൽടിസ്ഥാനത്തിൽ പുനർഗണന നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) നാല് ചെറുകിട പദ്ധതികളുടെ രൂപകൽപ്പനയും ഓൺ സൈറ്റ് കൺസൾട്ടേഷനും വേണ്ടി കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതികൾ 2001-ൽ നിർമ്മാണം ആരംഭിച്ച് 2004-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

യു. ഡി. എഫ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും

60 [1161] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയുടെ നവീകരണത്തിനായി യു. ഡി. എഫ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും ഏതെല്ലാം;

(ബി) ഇവയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചത്; പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ബേപ്പൂർ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്; എവിടെയെല്ലാം എന്നറിയിക്കുമോ?

ഉത്തരം

(എ & ബി) 1. വൈദ്യുതി മേഖലയുടെ നവീകരണത്തിനായി എ. പി. ഡി. ആർ. പി. ടൗൺ സ്കീമുകളും സിറ്റി സ്കീമുകളും സർക്കാർ പ്രഖ്യാപിച്ചു നടപ്പിലാക്കി വരുന്നു.

2. 2001-ൽ 32% ആയിരുന്ന ഊർജ്ജ നഷ്ടം 2005-ഓടെ 24% ആയി കുറയ്ക്കാൻ സാധിച്ചു.

3. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 1,50,000 വൈദ്യുത കണക്ഷനുകൾ ലക്ഷ്യമിട്ടിരുന്നുള്ളുവെങ്കിലും 1,93,219 കണക്ഷനുകൾ നൽകി. 15000 ബി. പി. എൽ. കണക്ഷനുകൾ ലക്ഷ്യമിട്ടിരുന്നുവെങ്കിലും 43179 കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞു. 1002 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു. 26 പട്ടണങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കി വരുന്നു.

4. ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായി 5.17 ലക്ഷം കണക്ഷനുകൾ നൽകി. 870 കിലോമീറ്റർ 11 കെ. വി. ലൈൻ വലിച്ചു.

5. സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണത്തിനായി 343 കോടി രൂപയുടെ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. ദീർഘ കാലമായി വൈദ്യുതി കുടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി വൈദ്യുതി അദാലത്തുകൾ നടത്തുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനുവേണ്ടി പരാതി പരിഹാര സെല്ലും പ്രവർത്തിക്കുന്നുണ്ട്.

7. സർവ്വീസ് കണക്ഷനുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

8. വൈദ്യുതി തകരാറുകൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ട്രബിൾകോൾ മാനേജ്മെന്റ് സിസ്റ്റത്തിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

9. 184 ഇലക്ട്രിക്കൽ സെക്ഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചു.

10. 82 പുതിയ ഇലക്ട്രിക്കൽ സെക്ഷനുകൾ രൂപീകരിച്ചു.

11. പി. എം. ജി. വൈ. പദ്ധതി നടപ്പിലാക്കി.

(സി) മേൽ വിവരിച്ച പദ്ധതികളെല്ലാം കോഴിക്കോട് ജില്ലയ്ക്കും ബാധകമാണ്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ഠൗൺ സ്കീം ഏകദേശം പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞു. കൊയിലാണ്ടി, വടകര ഠൗൺ സ്കീമിന്റെ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2 കരകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി ട്രബിൾ കോൾ മാനേജ്മെന്റ് സിസ്റ്റത്തിന്റെ സേവനവും കോഴിക്കോട് നഗരത്തിൽ ലഭ്യമാണ്. കൂടാതെ വൈദ്യുതി അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്. പി. എം. ജി. വൈ. സ്കീമിലുള്ള പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ 84 കോടി രൂപയുടെ APDRP പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

(ഡി & ഇ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി (വി. ഐ. സ്കീമിൽ ഉൾപ്പെടുത്തി) 11 കെ. വി.. എൽ. റ്റി. ലൈനുകൾ വലിച്ച് പുതിയ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. രാമനാട്ടുകരയിൽ ഒരു 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ :

1. കറപ്പൻകാവ്
2. പെരുമുഖം
3. മാമ്പഴക്കാട്
4. ചാത്തുപ്പാടം
5. ഉടുമ്പ്രപ്രദേശം
6. വെള്ളായിക്കോട്-പൊറ്റേക്കടവ്
7. പനച്ചിയിൽ താഴം പ്രദേശം
8. ബൊട്ടാണിക്കൽ ഗാർഡൻ എന്നിയ

LIBRARY ARCHIVES Kerala Legislative Assembly